# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4475 — 13.11.2019-ൽ മറുപടിയ്ക്ക്

### കാവും കുളവും പദ്ധതി

**ചോദ്യം**

ശ്രീ.കെ. ആൻസലൻ

**മറുപടി**

അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

എ) വനംവകുപ്പ് നടപ്പിലാക്കുന്ന കാവും കുളവും പദ്ധതിയിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016 ജൂൺ മുതൽ 2019 ഒക്ടോബർ വരെ എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് അപേക്ഷകളുടെ സ്ഥലവും വിശ്ലേഷണം തിരിച്ച് വിശദമാക്കുമോ;

എ) കാവും കുളവും എന്നപേരിൽ വനം വകുപ്പിൽ പദ്ധതികളൊന്നും തന്നെ നടപ്പാക്കുന്നില്ല. എന്നാൽ ജി.ഒ.(ആർ.റ്റി.) 485/16 തീയതി 24.12.2016 പ്രകാരം കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കാവിനുള്ളിൽ ഉൾപ്പെടുന്ന കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയാണ് ധനസഹായം നൽകിവരുന്നത്.

2016 ജൂൺ മുതൽ 2019 ഒക്ടോബർ വരെയുള്ള കാലയളവിൽ നെയ്യാറ്റിൻകര നിയോജക മണ്ഡല പരിധിയിൽ നിന്നും ലഭിച്ച അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. 2016- 17 കാലയളവിൽ ഒരു അപേക്ഷ – പുന്നറത്തല കാവ്, അതിയന്നൂർ , ആറാലുംമൂട്, നെയ്യാറ്റിൻകര
2. 2017-18 കാലയളവിൽ ഒരു അപേക്ഷ – കല്ലിയൂർ ശ്രീ.നാഗരമ്മൻ-കാവ്, കാരോട്, കാക്കവിള പി.ഒ, നെയ്യാറ്റിൻകര
3. 2018-19 കാലയളവിൽ രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട് .

a) കൊടുമം ശ്രീനാഗർ ഭഗവതിക്കാവ്, അമരവിള , നെയ്യാറ്റിൻകര

b) ചെമ്പക്കുളം നാഗര് ക്ഷേത്രം, കൊടങ്ങാവിള, കമുകിൻകോട്, അതിയന്നൂർ, നെയ്യാറ്റിൻകര

| | | | |
|---|---|---|---|
| | | | 4. 2019-20 കാലയളവിൽ രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br><br>a) ചാത്തിന്നൂർ ശ്രീ.ദുർഗ്ഗാദേവി ക്ഷേത്രം , പഴയകട, തിരുപുറം (പി.ഒ.).<br><br>b) ചിലയറന്തല കുടുംബം ശ്രീ.ചാമുണ്ഡേശ്വരി ദേവീക്ഷേത്രം, കുളത്താമൽ , നെയ്യാറ്റിൻകര. |
| ബി) | അവയിൽ ഏതൊക്കെ സ്ഥലത്താണ് ഫണ്ട് നൽകിയതെന്ന് സ്ഥലവും അനുവദിച്ച തുകയും സഹിതം വിശദമാക്കുമോ; | ബി) | 2016 ജൂൺ മുതൽ 2019 ഒക്ടോബർ വരെയുള്ള . കാലയളവിൽ ലഭിച്ച അപേക്ഷകളിൽ രണ്ട് കാവുകൾക്കാണ് ഫണ്ട് അനുവദിച്ചത് .<br><br>a) കല്ലിയൂർ ശ്രീ.നാഗരമ്മൻ -കാവ്, കാരോട്, കാക്കവിള പി.ഒ, നെയ്യാറ്റിൻകര – 1,30,000/- രൂപ<br><br>b) കൊട്ടമം ശ്രീനാഗർ ഭഗവതിക്കാവ്, അമരവിള , നെയ്യാറ്റിൻകര – 1,00,000/- രൂപ. |
| സി) | കാവും കുളവും പദ്ധതിയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഏതൊക്കെയെന്നും എന്തൊക്കെ രേഖകൾ ആണ് വേണ്ടതെന്നും വ്യക്തമാക്കാമോ? | സി) | കാവും കുളവും എന്നപേരിൽ വനം വകുപ്പിൽ പദ്ധതികളൊന്നും തന്നെ നടപ്പാക്കുന്നില്ല. എന്നാൽ ജി.ഒ.(ആർ.റ്റി.) 485/16 തീയതി 24.12.2016 പ്രകാരം കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കാവിനുള്ളിൽ ഉൾപ്പെടുന്ന കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയാണ് ധനസഹായം നൽകിവരുന്നത്.<br><br>ടി ഉത്തരവ് പ്രകാരം ഓരോ ജില്ലയിലും പരമാവധി 5 കാവുകൾ ഓരോ വർഷവും തിരഞ്ഞെടുക്കാറുണ്ട്. ജില്ലാടിസ്ഥാനത്തിൽ വർഷംതോറും അപേക്ഷകൾ ക്ഷണിക്കുകയും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ , സോഷ്യൽ ഫോറസ്ട്രി ചെയർപേഴ്സണായ ഒൻപത് അംഗ സംസ്ഥാനതല വിദഗ്ധ കമ്മിറ്റിയുടെ തീരുമാന പ്രകാരം അർഹമായ കാവുകൾ തിരഞ്ഞെടുത്ത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകിവരുന്നു. സംരക്ഷിക്കപ്പെടേണ്ട സ്ഥലം വൃക്ഷങ്ങളാലും , ജൈവ വൈവിധ്യങ്ങളാലും സമ്പന്നമായിരിക്കണം. മുഖ്യമായും കാവുകളുടെ വിസ്തൃതിയുടേയും , ജൈവവൈവിധ്യത്തിന്റേയും അടിസ്ഥാനത്തിൽ 24.12.2016-ലെ |

സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി.) 485/2016/വനം -ൽ പ്രതിപാദിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും തുടർന്നുള്ള നിർദ്ദേശങ്ങൾ പ്രകാരവും അപേക്ഷകൻ/അപേക്ഷകയുടെ തിരിച്ചറിയൽ രേഖ, വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഉൾപ്പെടെ നിശ്ചിത ഫോറത്തിൽ കാവ് സംരക്ഷണ പദ്ധതിയിൽ ധനസഹായം ലഭിക്കുന്നതിനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

അപേക്ഷകൻ അടുത്ത അഞ്ച് വർഷത്തെ പ്രവർത്തന വിവരങ്ങൾ അടങ്ങിയ സൂക്ഷ്മാസൂത്രണ രേഖ, തയ്യാറാക്കി ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് സമർപ്പിക്കേണ്ടതും ആയത് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പുമായി ധാരണാ പത്രം ഒപ്പു വയ്ക്കുകയും തുടർന്ന് അംഗീകരിച്ച സൂക്ഷ്മാസൂത്രണരേഖയുടെ പ്രോജക്ട് കോസ്റ്റിന്റെ 10% (പരമാവധി 25,000/-രൂപ) തുക ആദ്യഗഡുവായി നൽകുകയും ടി തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കി തുകയുടെ 25% തുക വീതം തുടർന്നുള്ള വർഷങ്ങളിൽ തുടർന്നുള്ള ഗഡുക്കളായി വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്

സെക്ഷൻ ഓഫീസർ

12